കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

റാന്നി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി12/868/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 26/07/2025
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
റാന്നി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : റാന്നി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം റാന്നി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി12/868/2025 തീയ്യതി: 26/07/2025

പത്തനംതിട്ട ജില്ലയിലെ റാന്നി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ റാന്നി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-08-2024 മുതൽ 24-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സ്നിഗ്ധ എസ്.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	25-06-2025	30-06-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
25-06-2025	30-06-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ രാജേഷ് എം ,ഓഡിറ്റ് ഓഫീസർ
ശ്രീ ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത റ്റി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി വി നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി നിഷ റ്റി വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ കെ എസ് ഗോപി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ അന്ന മാത്യൂ ജോർജ്	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ സാം മാത്യ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2024	12-01-2025
ശ്രീമതി സബിത എസ്	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	13-01-2025	31-03-2025
ശ്രീമതി യമുന വി കെ	സിഡിപിഒ	01-04-2024	31-12-2024
ശ്രീമതി സുധാമണി എസ്	സിഡിപിഒ	01-01-2025	15-03-2025
ശ്രീമതി ലതാകുമാരി റ്റി എം	സിഡിപിഒ	15-03-2025	31-03-2025
ശ്രീമതി സ്മിത കെ എസ്	സിഡിപിഒ(റാന്നി)	01-04-2024	14-04-2024
ശ്രീമതി യമുന വി കെ	സിഡിപിഒ(റാന്നി)	15-04-2024	31-12-2024
ശ്രീമതി രത്നബിന്ദു എസ് ആർ	സിഡിപിഒ(റാന്നി)	01-01-2025	31-03-2025
ശ്രീമതി മീന മേരി മാത്യൂ	അസിസ്റ്റന്റ് ഡയറക്ടർ(കൃഷി)	01-04-2024	31-03-2025
ശ്രീ ബോബി മാത്യൂസ്	പട്ടികജാതി വികസന ഓഫീസർ	01-04-2024	31-03-2025

ശ്രീ നിസാർ എ	പട്ടികവരഗ്ഗ വികസന ഓഫീസർ	01-04-2024	24-06-2024
ശ്രീ ഗോപകുമാർ	പട്ടിക വർഗ്ഗ വികസന ഓഫീസർ	25-06-2024	31-03-2025
ഡോ. അരുൺ വാസുദേവ കമ്മത്ത് കെ എൻ	മെഡിക്കൽ ഓഫീസർ(സി എച്ച് സി ചിറ്റാർ)	01-04-2024	31-03-2025
ഡോ.ലിൻഡ ജോസഫ്	മെഡിക്കൽ ഓഫീസർ(താലൂക്ക് അശുപത്രി)	01-04-2024	31-03-2025
ഡോ. ദീപ വാസുദേവൻ	മെഡിക്കൽ ഓഫീസർ(സിഎച്ച്സിപെരുനാട്)	01-04-2024	31-03-2025
ഡോ.ഹാംലറ്റ്	മെഡിക്കൽ ഓഫീസർ(സിഎച്ച്സിവെച്ചൂച്ചിറ)	01-04-2024	14-08-2024
ഡോ.ലേഖ തോബിയാസ്	മെഡിക്കൽ ഓഫീസർ(സിഎച്ച്സി വെച്ചൂച്ചിറ)	15-08-2024	31-03-2025
ഡോ.സുനിൽകുമാർ ജെ	സീനിയർവെറ്റിനറി സർജൻ	01-04-2024	31-03-2025
ശ്രീസജീഷ്കുമാർ ജെ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീലിജു ജെ എൽ	വ്യവസായ വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീമതി പാർവതി ആർ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	02-09-2024
ശ്രീമതി ലീന കെ.എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്ജ്)	03-09-2024	23-10-2024
ശ്രീമതി ആര്യശങ്കർ എം.എസ്.	അസിസ്റ്റന്റ് എഞ്ചിനീയർ	24-10-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല	1-1-3
5	ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല	1-1-4
6	ഹെൽത്ത് ഗ്രാന്റ് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല	1-1-5
7	ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല	1-1-6
8	ക്യാപിറ്റൽ കോൺടിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല	1-1-7
9	ഡെപ്പോസിറ്റ് -വരവ് കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല	1-1-8
10	കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല	1-1-9
11	നിർവ്വഹണ ഏജൻസിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെടുത്തിയില്ല	1-1-10
12	ബജറ്റ് വിശകലനം	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഗ്രാന്റ് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	തൊഴിലുറപ്പ് പദ്ധതി- വരവ് ചെലവ് വിവരം	1-6
17	ക്യാഷ് ബാലൻസ് പരിശോധന	1-7
18	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-8
19	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-9
20	ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുവാനായി തുടങ്ങിയ ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല	1-10
21	നിക്ഷേപ പ്രവൃത്തികൾ - അവലോകനം	1-11
22	ഓഫീസ് കെട്ടിട നിർമ്മാണം-ഫൈനൽ ബില്ലിൽ സെന്റേജ് ചാർജ്ജ് ക്രമീകരിക്കണം	1-12

23	കരാർ കാലാവധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പിഴ ഈടാക്കിയില്ല	1-13
24	ഗ്രൂപ്പ് കൃഷി - പ്രോജക്ട് നിർവഹണത്തിൽ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചില്ല	1-14
25	മരുന്ന് വാങ്ങൽ പ്രോജടുകൾ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല	1-15
26	ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല	1-16
27	പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല	1-17
28	ചെലവ് രേഖകൾ ഹാജരാക്കിയില്ല	1-18
29	പാലിയേറ്റീവ് കെയർ പ്രോജക്ട് - മരുന്നും ഉപകരണങ്ങളും ലഭിക്കാൻ ശേഷിക്കുന്നു	1-19
30	സ്വയംതൊഴിൽ ഗ്രൂപ്പിന് സബ്സിഡി - നിലവിലുള്ള സ്ഥാപനങ്ങൾക്ക് ധനസഹായം നല്കി	1-20
31	പൊതുമരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം - പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകുന്നില്ല	1-21
32	ടേക്ക്-എ-ബ്രേക്ക്-പൊതുശൗചാലയ നിർമ്മാണം നീളുന്നു	1-22
33	ആരോഗ്യമേഖലാ ഗ്രാന്റ് -വിനിയോഗവും ഫലപ്രാപ്തിയും	1-23

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

ഭാഗം **4**

1	മെഡിസെപ്പ് പ്രീമിയം ഒടുക്ക്	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം	4-2
3	നിക്ഷേപ പ്രവൃത്തിക്ക് നല്കിയ തുകയുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം	4-4
5	വായ്പ/ വായ്പ തിരിച്ചടവ്	4-5
6	സ്ഥീര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11

അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ , KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29/05/2025-ലെ 5(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 10/06/2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള റാന്നി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, റാന്നി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
26/07/2025

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011-ലെ കേരള പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios) വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും അതേ പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-3 ജേണൽ വൗച്ചറുകൾക്ക് ആധികാരികതയില്ല

ഇൻകം & എക്പെൻഡീച്ചർ അക്കൗണ്ട് (ഐ-18) Prior Period Items എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന്

ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

1-1-4 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

പ്രോജക്ട് നം. 187 വെച്ചൂച്ചിറ സി.എച്ച്.സിയ്ക്ക് ഫോഗിംഗ് മെഷീൻ (₹224999), പ്രോജക്ട് നം. 182 റാന്നി താലൂക്ക് ആശുപത്രിയിൽ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ (₹848946) എന്നീ പദ്ധതികൾ പ്രകാരമുള്ള ചെലവുകൾ Capital Work In Progress എന്ന ശീർഷകത്തിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.

1-1-5 ഹെൽത്ത് ഗ്രാന്റ് ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല

ഹെൽത്ത് ഗ്രാന്റിനായി 01.09.2023ൽ സൗത്ത് ഇന്ത്യൻ ബാങ്കിൽ തുടങ്ങിയ അക്കൗണ്ട് വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-6 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

1-1-6 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെടാത്ത Buildings- Bus Stands ആസ്തിയായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ജി.ഒ.(എം.എസ്.)നം.152/2011 തീ.26/07/2011 നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. ഇക്കാരണങ്ങളാൽ 31.03.2025-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ ആധികാരികതയും കൃത്യതയും ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടിട്ടില്ല.

1-1-7 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

ഷെഡ്യൂൾ ബി -3- വിവിധ ഗ്രാന്റുകൾ വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

1-1-8 ഡെപ്പോസിറ്റ് -വരവ് കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം Contractors Security Deposit ഇനത്തിൽ 8499 രൂപയും Contractors Retention ഇനത്തിൽ 122141 രൂപയും തൻവർഷം വരവുണ്ട്. എന്നാൽ ഷെഡ്യൂൾ RP 34 ൽ Contractors Retention ഇനത്തിൽ ഉള്ള 47941 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1-1-9 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

ഷെഡ്യൂൾ ബി-7- ഡെപ്പോസിറ്റ് ഇനത്തിൽ 1446422 രൂപ അവശേഷിക്കുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ മുൻവർഷത്തെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളുടെ വിവരം പരിശോധിച്ച് ഉറപ്പാക്കാനായിട്ടില്ല.

1-1-10 നിർവ്വഹണ ഏജൻസിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെടുത്തിയില്ല

നിരവേൽ കോളനി-വള്ളിയാനി റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (81/24-25) പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച തുക Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ് വിശകലനം

റാന്നി ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതിയുടെ 09-02-2024-ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 28-01-2025-ലെ 6(4) -ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	ആദ്യ ബജറ്റ്	പുതുക്കിയ ബജറ്റ്
മുന്നിരിപ്പ് (01-04-2024)	3778000	4000000

2024-25 വരവ്	597787000	606147000
ആകെ വരവ്	601565000	610147000
2024-25 ചെലവ്	599624000	605799000
നീക്കിയിരിപ്പ് (31-03-2025)	1941000	4348000

പുതുക്കിയ ബജറ്റ് പ്രകാരം 61.01 കോടി രൂപ വരുമാനവും 60.57 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 9.54 കോടി രൂപയും ചെലവ് 10.05 കോടി രൂപയുമാണുള്ളത്. പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരുമാനവും ചെലവും തമ്മിൽ യുക്തിഭദ്രമല്ലാത്ത വിധം വ്യത്യാസപ്പെട്ടിരിക്കുന്നു. ബജറ്റ് നടപടികളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-214, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-71 എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

റാന്നി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീറ്റ് & പേമെന്റ് പത്രിക ,ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, 31-03-2025-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക 2024-25

മുന്നിരിപ്പ് (01-04-2024)	23943900.00
ഓഡിറ്റ് വർഷത്തെ വരവ് (Receipt)	132751276.00
ആകെ(Total Receipts + Opening Balance)	156695176.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (Payment)	114773450.00
നീക്കിയിരിപ്പ് (31-03-2025)	41921726.00

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25

ഓഡിറ്റ് വർഷത്തെ വരുമാനം (Income)	95451837.00
ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure)	100587779.00
പ്രവർത്തന മിച്ചം (Gross Surplus)	-5135942.00
അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	255876.00
അറ്റ പ്രവർത്തന നഷ്ടം (Net Deficit)	-5391818.00

ബാലൻസ് ഷീറ്റ് 31-03-2025 തീയതിയിൽ

ആസ്തിമൂല്യം (Total Assets)	210739430.00
ബാധ്യതകളുടെ മൂല്യം (Total Liabilities)	210739430.00
ആകെ ജനറൽ ഫണ്ട് മൂല്യം (Total General Fund)	127677512.00

1-4 ഗ്രാന്റ് വിനിയോഗം

റാന്നി ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചതും നിലനിൽക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗവും പട്ടികയിൽ ചേർക്കുന്നു.

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/കൺസോളിഡേറ്റഡ് ഫണ്ടിലേക്ക്	ലാപ്സായതുക	ശതമാനം
വികസന ഫണ്ട്-ജനറൽ	0	51937000	51937000	42063753	9873247	ഇല്ല	80.98

വികസന ഫണ്ട്-SCP	0	14545000	14545000	10924732	3620268	ഇല്ല	75.12
വികസന ഫണ്ട്-TSP	0	5425000	5425000	4781481	643519	ഇല്ല	88.14
മെയിന്റനൻസ് ഗ്രാന്റ്- Non Road	0	25964000	25964000	20021256	5942744	749944	77.11
കേന്ദ്രാവിഷ്കൃത പദ്ധതികൾ							
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്)	4423591	9733160	14156751	4757155	9399596	ഇല്ല	33.60
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	11421821	19323500	30745321	6465699	24279622	ഇല്ല	21.02
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)2021-23 ക്യാരി ഓവർ	0	159545	159545	0	0	159545	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) 2021-23 ക്യാരി ഓവർ	0	49530	49530	0	0	49530	0
ഹെൽത്ത് ഗ്രാന്റ്	4791394	0	4791394	0	4791394	ഇല്ല	0
ഐ.എ.വൈ	1638904	55552	1694456	0	1694456	ഇല്ല	0
റ്റി.എസ്.സി	3686696	102711	3789407	0	3789407	ഇല്ല	0

വികസന ഫണ്ട് (ജനറൽ) TSP എന്നിവയിൽ ചെലവ് 80% ആർജിക്കാൻ കഴിഞ്ഞെങ്കിലും SCP യിൽ 75.12% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. ചെലവ് ലക്ഷ്യമായ 80%-ൽ കുറഞ്ഞതിനാൽ വരും വർഷങ്ങളിൽ 4.88% (711268 രൂപ) ജനറൽ ഫണ്ടിൽ നിന്നും പരിഹാര വകയിരുത്തലിന് സാദ്ധ്യത ഉണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക് ഗ്രാന്റ്, ടൈഡ് ഫണ്ട് എന്നിവയിൽ ലഭിച്ച തുകയിൽ യഥാക്രമം 33.6%, 21.02% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ചെലവ് 80% ആർജിക്കാൻ കഴിയാത്തതിനാൽ 749944 രൂപ ലാപ്സായി. ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2021 മുതൽ 2023 വരെയുള്ള ക്യാരി ഓവർ വിഹിതം ലഭിച്ചത് മുഴുവനായി ലാപ്സായി. ലഭിക്കുന്ന തുക പരമാവധി ചെലവഴിച്ച് ജനോപകാരപ്രദമാക്കാൻ ഭരണതല നടപടികൾ അനിവാര്യമാണ്

1-5 പദ്ധതി അവലോകനം

റാന്നി ബ്ലോക്ക് പഞ്ചായത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ (2022-27) മൂന്നാം വാർഷിക പദ്ധതിയ്ക്ക് (2024-25) ജില്ലാ ആസൂത്രണസമിതിയുടെ ഉത്തരവ് നം.389/2023/DPC/DPO/PTA, തീയതി 28-03-2024 പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആകെ 190 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷിക പദ്ധതിയുടെ അടങ്കൽ 180118745 രൂപയാണ്. പദ്ധതി രൂപീകരണത്തിന് മുന്നോടിയായി ആസൂത്രണസമിതിയോഗം 31-12-2023-ലും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 24-12-2023 ലും വികസന സെമിനാർ 8-1-2024-ലും ചേർന്നിട്ടുണ്ട്. വ്യക്തിഗത ഗുണഭോക്തൃലിസ്റ്റിന് 26-12-2023 മുതൽ 31-12-23 വരെ നടന്ന ഗ്രാമസഭകളിൽ അംഗീകാരം ലഭിച്ചു. 2024-25 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ	നിർവ്വഹണത്തിന് ഏറ്റെടുത്ത പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൾ	അടങ്കൽ	ചെലവ്
കൃഷി അസിസ്റ്റന്റ് ഡയറക്ടർ	7	7	3871875	3866715
സീനിയർവെറ്ററിനറി സർജൻ/ഡയറി ഇൻസ്ട്രക്ടർ	8	8	12524556	8346491
മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)	29	24	11911209	8326875

മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി)	9	9	13847412	12131419
എസ്.സി. ഡെവലപ്മെന്റ് ഓഫീസർ	6	6	6850000	6850000
സി.ഡി.പി.ഒ.	9	7	6720942	4365770
സെക്രട്ടറി	37	21	48242432	23189350
അസി.എഞ്ചിനീയർ	74	38	54062439	21030199
അസി. എക്സി എഞ്ചിനീയർ	5	4	7802280	2469218
ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ	5	5	3295600	2299487
വ്യവസായ വികസന ഓഫീസർ	1	1	3890000	1782212
ആകെ	190	142	173018745	94657736

സഞ്ചിത നിധിയിലേയ്ക്ക് 2.007 കോടി രൂപ തിരികെ എടുക്കപ്പെട്ടു

ഏറ്റെടുത്ത 44 പ്രോജക്ടുകൾ നടപ്പാക്കാത്തതിനാൽ ചുവടെ ചേർക്കും പ്രകാരമുള്ള തുകകൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെടുകയോ ലാപ്സാകുകയോ ചെയ്തു.

ഗ്രാന്റ്-ഇനം	ലാപ്സായ തുക/ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മടങ്ങിയത്
വികസന ഫണ്ട് – ജനറൽ	9873247
വികസന ഫണ്ട് – SCP	3620268
വികസന ഫണ്ട് – TSP	643519
മെയിന്റനൻസ് ഗ്രാന്റ് – Non Road	5942744
ആകെ	20079778
ധനകാര്യ കമ്മീഷൻ ഗ്രാന്റ് – അൺടൈഡ് ക്യാരി ഓവർ വിഹിതം	49530
ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ് ക്യാരി ഓവർ വിഹിതം	159545
ആകെ	209075

ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭിച്ചതിൽ 2.007 കോടി രൂപ സഞ്ചിത നിധിയിലേക്ക് തിരികെ എടുത്തു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ക്യാരി ഓവർ വിഹിതം ആയി ലഭിച്ച 209075 രൂപ ചെലവഴിക്കാതെ ലാപ്സാക്കി. വികസനഫണ്ട് പൊതുവിഭാഗം, ടി.എസ്.പി. ഫണ്ട് എന്നിവയുടെ വിനിയോഗത്തിൽ ബ്ലോക്ക്പഞ്ചായത്ത് മികവ് പുലർത്തിയിരുന്നു. എന്നാൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിൽ വലിയ കുറവാണ് ഉണ്ടായിട്ടുള്ളത്

മോണിറ്ററിംഗ്

കാര്യക്ഷമമായ മോണിറ്ററിംഗ് നടത്തുന്നതിനോ റിപ്പോർട്ടുകൾ നല്കുന്നതിനോ തെരഞ്ഞെടുക്കപ്പെട്ട മോണിറ്ററിംഗ് കമ്മറ്റികൾക്ക്/വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല. മരാമത്ത് പ്രവൃത്തികളിൽ 1 ശതമാനം എങ്കിലും പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന ഗുണനിലവാര പരിശോധനക്ക് വിധേയമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരുത്തൽ നടന്നതായും കാണുന്നില്ല.

1-6 തൊഴിലുറപ്പ് പദ്ധതി- വരവ് ചെലവ് വിവരം

വരവ് (Receipt)		ചെലവ് (Payment)	
മുന്നിരിപ്പ് (01-04-2024)	666217.16	ടെലഫോൺ അലവൻസ്	27489.00
ട്രയിനിംഗ് ഫണ്ട് വരവ്	308959.00	ഓഫീസ് ചെലവ്	20432.00
പലിശ വരവ്	16464.00	റിഫ്രഷ്മെന്റ്	97030.00
EFMS വരവ് ഭരണച്ചെലവ്	975138.00	തൊഴിൽ നികുതി	7500.00
		ശമ്പളം	959497.00

		പ്രിന്റിങ്ങ് & സ്റ്റേഷനറി	72710.00
		അറ്റകുറ്റപ്പണി	58962.00
		ലീവ് സറണ്ടർ	55500.00
		മുൻക്കൂർ തിരികെ	143640.00
ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻക്കൂർ	1030208.00	ബ്ലോക്ക്പഞ്ചായത്ത് തനത് മുൻക്കൂർ തിരിച്ചടവ്	977379.00
-		നീക്കിയിരിപ്പ്(31-03-2025)	576847.16
ആകെ	2996986.16	ആകെ	2996986.16

1-7 ക്യാഷ് ബാലൻസ് പരിശോധന

ക്യാഷ് ബാലൻസ് പരിശോധന നടത്തിയ 26-6-2025 തീയതിൽ ക്യാഷ് വരവില്ല

1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ബ്ലോക്ക് പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ഓഡിറ്റ് വർഷം സാമ്പത്തിക വിനിമയങ്ങളുടെ അക്കൗണ്ടിങ്ങ് സാമാന്യം തൃപ്തികരമായി നിർവ്വഹിച്ചിട്ടുള്ളതായും വിവിധ അക്കൗണ്ടുകളുടെ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള മാസാവസാന നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുള്ളതായും ഓഡിറ്റിൽ ബോധ്യപ്പെട്ടു . വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന വിഭജിച്ച് നൽകുകയും യഥാസമയം ആവശ്യമായ മാറ്റം വരുത്തി കാലികമാക്കുകയും ചെയ്യുന്നുണ്ട്.

- സകർമ്മയിൽ സമയബന്ധിതമായി മിനിറ്റ്സ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.
- ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ഗണ്യമായ തുക വിവിധ ഏജൻസികളിൽ നിക്ഷേപിക്കുന്നുണ്ടെങ്കിലും പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ ബാലൻസ് ഷീറ്റിൽ ആവശ്യമായ ക്രമീകരണം നടക്കുന്നില്ല
- ചെക്ക് ആന്റ് ഡ്രാഫ്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
- അതത് മാസങ്ങളിലെ വരവു – ചെലവുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	15.03.2022-19.03.2022	2019-20മുതൽ 2021-22 വരെ	ലഭ്യമായിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	06.03.2017 - 08.03.2017	01.02.2016 – 28.02.2017	21.10.2021

1-10 ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുവാനായി തുടങ്ങിയ ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല

2023-24 മുതൽ വാർഷികകണക്കിന്റെ ഭാഗമാക്കി സൂക്ഷിക്കേണ്ട ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ട് തുക നിലവിലും വാർഷിക കണക്കിന്റെ ഭാഗമാക്കിയിട്ടില്ല. ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം നൽകുന്നതിനായി കേന്ദ്രധനകാര്യ കമ്മീഷൻ അനുവദിച്ച ഹെൽത്ത് ഗ്രാന്റ് നിക്ഷേപിക്കുന്നതിനായി സെക്രട്ടറിയുടെ പേരിൽ സൗത്ത് ഇൻഡ്യൻ ബാങ്കിൽ 15-2-2023-ൽ 0422053000005842 നമ്പരായി അക്കൗണ്ട് തുടങ്ങുകയും 2023-24, 2024-25 വർഷങ്ങളിലായി ലഭിച്ച 27,57,000 രൂപയും 42,17,000 രൂപയും ഉൾപ്പെടെ 69,74,000 രൂപ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 2023-24 വർഷം പെരുനാട് സി.എച്ച്.സി. കെട്ടിടം നിർമ്മിക്കുന്നതിന് 21,82,606 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 31-03-2025-ൽ ഈ അക്കൗണ്ടിൽ 48,91,092 രൂപ പലിശ സഹിതം നീക്കിയിരിപ്പ് ഉണ്ട്. ഭരണസമിതി വിഷയം പരിഗണിച്ച് അക്കൗണ്ട് അടിയന്തിരമായി വാർഷിക കണക്കിൽ ഉൾപ്പെടുത്താൻ നടപടി

സ്വീകരിക്കേണ്ടതാണ്.

1-11 നിക്ഷേപ പ്രവൃത്തികൾ - അവലോകനം

2024-25 സാമ്പത്തിക വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് നല്കിയ മുൻകൂർ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ബിൽ നം./വൗച്ചർ നം/ തീയതി
കേരള വാട്ടർ അതോറിറ്റി	വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ മക്കപ്പുഴ-പനവേലി SCP87/24-25	1,72,000 Scp	BRN No. 24050463014801229676 തീ: 27-01-2025
	മക്കപ്പുഴ ചക്രപാണി കുളം ടാങ്ക് നിർമ്മാണം , അനുബന്ധ സൗകര്യം ഒരുക്കൽ 236/24-25	25,00,000 ധന. കമ്മി ഗ്രാന്റ്	2250000 – വൗച്ചർ നം XVFC/2024-25/P/10 250000 - വൗച്ചർ നം XVFC/2024-25/P/11
കെ.എസ്.ഇ.ബി.	നെല്ലിക്കമൺ – ഊട്ടുപാറ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (81/24-25)	35,330	BRN No. 24050463014801539567 തീ: 14-03-2025
	നിരവേൽ കോളനി-വള്ളിയാനി റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (81/24-25)	2,45,363	BRN No. 24050463014801229673 തീ: 27-01-2025
	വട്ടാർക്കയം എസ്.സി. കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	5,379	BRN No. 24050463014800441002 തീ: 22-07-2024

നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. മക്കപ്പുഴ – പനവേലി ഭാഗത്ത് കുടിവെള്ള പൈപ്പ് അറ്റകുറ്റപ്പണി

മക്കപ്പുഴ-പനവേലി ഭാഗത്ത് കുടിവെള്ള പൈപ്പ് അറ്റകുറ്റപ്പണിക്ക് ആയി 1,72,000 രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ 11.10% സെന്റേജ് ചാർജ്ജും 15,000 രൂപ പരസ്യചെലവും വാങ്ങിയാണ് വാട്ടർ അതോറിറ്റി പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത്. ശക്തമായ എഞ്ചിനീയറിംഗ് വിഭാഗം ഉള്ള എൽ.എസ്.ജി.ഡിയ്ക്ക് സ്വന്തം നിലയിൽ ഏറ്റെടുക്കാവുന്ന ഇത്തരം പ്രോജക്ടുകൾ നിക്ഷേപ പ്രവൃത്തിയായി ചെയ്യുന്നത് ഒഴിവാക്കുന്നതാവും ബ്ലോക്ക് പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യത്തിന് അഭികാമ്യം.

2. മക്കപ്പുഴ ചക്രപാണി കുളം ടാങ്ക് നിർമ്മാണം, അനുബന്ധ സൗകര്യം ഒരുക്കൽ

ഈ പ്രവൃത്തിക്കായി 25 ലക്ഷം രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. 17.14 ലക്ഷം രൂപ ചെലവിൽ 5 ലക്ഷം ലിറ്റർ ശേഷിയുള്ള ഗ്രൗണ്ട് ലവൽ സർവ്വീസ് റിസർവോയറും 2.10 ലക്ഷം രൂപയ്ക്കുള്ള വിതരണ ലൈനും സ്ഥാപിക്കുന്നതിനാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. 45 ലക്ഷം രൂപ വരുന്ന എസ്റ്റിമേറ്റ് തുടർപ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ആയതു കൂടിപൂർത്തിയാക്കിയാൽ മാത്രമേ ജലവിതരണം സാദ്ധ്യമാകൂ.

റാന്നി പഴവങ്ങാടി പഞ്ചായത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമല്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ ഇല്ല. DPR പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും വകയിരുത്തേണ്ട തുക, പദ്ധതിയുടെ ഉടമസ്ഥാവകാശം, ജൽജീവൻ മിഷന്റെ ഭാഗമായാണോ പ്രവൃത്തി നടപ്പാക്കുന്നത് തുടങ്ങിയ വിവരങ്ങളും, കുടിവെള്ള പദ്ധതിയുടെ ബാക്കി പ്രവൃത്തികൾ സംബന്ധിച്ചോ, തുടർനടത്തിപ്പ് ഏറ്റെടുത്ത ഗുണഭോക്തൃ കമ്മറ്റി സംബന്ധിച്ചോ ബ്ലോക്ക് പഞ്ചായത്തിൽ വിവരം ലഭ്യമല്ല.

കുടിവെള്ള പദ്ധതിയുടെ അടിസ്ഥാന വിവരങ്ങൾ ഇല്ലാതെ 25 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച നടപടി അംഗീകരിക്കാവുന്നതല്ല. വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ ഇതുവരെ മുൻകൂർ നിക്ഷേപിച്ച 25 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

3. നെല്ലിക്കമൺ – ഊട്ടുപാറ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ

നെല്ലിക്കമൺ-ഊട്ടുപാറ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രവൃത്തിക്ക് 1,76,648 രൂപയുടെ 20% ആയ 35,330 രൂപ മുൻകൂറായി കെ.എസ്.ഇ.ബി-യ്ക്ക് നല്കിയിട്ടുണ്ട്. തുക പൂർണ്ണമായും നിക്ഷേപിച്ചാൽ മാത്രമേ കെ.എസ്.ഇ.ബി. പ്രവൃത്തി ആരംഭിക്കൂ എന്നിരിക്കെ ഭാഗികമായി തുക നൽകിയതുമൂലം പ്രവൃത്തി നീണ്ടു പോകുന്നതിന് ഇടയാകുകയും ഗുണഫലം പൊതുജനത്തിന് യഥാസമയം ലഭിക്കുന്നതിന് തടസ്സമാകുകയും ചെയ്തു.

4. നിരവേൽ കോളനി-വള്ളിയാനി റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ

നിരവേൽ കോളനി-വള്ളിയാനി റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രവൃത്തിക്ക് തുക മുൻകൂർ നൽകുന്നതിന് മുൻപ് കെ.എസ്.ഇ.ബി-യുമായി കരാറിലേർപ്പെട്ടിട്ടില്ല. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.

5. വട്ടാർക്കയം എസ് സി കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ

വട്ടാർക്കയം എസ്.സി. കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രവൃത്തിക്ക് ബാലൻസ് തുകയായി 5,375 രൂപ നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഫൈനൽ ബിൽ തുക നൽകുമ്പോൾ മുൻകൂർ കണക്കിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല. വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ ആസ്തിയിൽ ക്രമീകരിക്കേണ്ടതാണ്.
നിക്ഷേപ പ്രവൃത്തികളുമായി ബന്ധപ്പെട്ട് പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ ഭരണ സമിതി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

1-12 ഓഫീസ് കെട്ടിട നിർമ്മാണം-ഫൈനൽ ബില്ലിൽ സെന്റേജ് ചാർജ്ജ് ക്രമീകരിക്കണം

പുതിയ ബ്ലോക്ക് ഓഫീസും സാംസ്കാരിക സമുച്ചയവും എന്ന കെട്ടിടത്തിന്റെ നിർമ്മാണ ചുമതല 34/AEE/LSGD/RBD/2018-19 തീ. 07-01-2019 നമ്പരായി കരാർ വച്ച് തിരുവനന്തപുരം, ഹാബിറ്റാറ്റ് ടെക്നോളജി ഏറ്റെടുത്തതും 03-08-2020-ൽ പൂർത്തീകരിച്ചതുമാണ്. പ്രവൃത്തിയുടെ ഫൈനൽ ബിൽ 24-03-2021 ലാണ് ലഭിച്ചത്. ഹാബിറ്റാറ്റ് ചെലവുകുറഞ്ഞതും സ്വന്തമായതുമായ ടെക്നോളജി ഉപയോഗിച്ച് NON-PMC ആയിട്ടാണ് പ്രവൃത്തി ഏറ്റെടുത്തിരുന്നത്. 2.5 കോടി രൂപ അടങ്കലുള്ള പ്രവൃത്തിക്ക് നികുതികൾ ഉൾപ്പെടെ 2,40,70,720 രൂപയുടെ ബില്ലാണ് എജൻസി നല്കിയത്. ഈ ആവശ്യത്തിനായി 15 ബില്ലുകൾ പ്രകാരം 2,41,44,906 രൂപ ബ്ലോക്ക് പഞ്ചായത്ത് പിൻവലിച്ചിട്ടുണ്ട്. ഇതിൽ 954918 രൂപ റിടെൻഷൻ തുകയായി സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുമുണ്ട്. നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

തുക പിൻവലിച്ച തീയതി	തുക	റിടെൻഷൻ തുക
30-03-2024	19,80,000	
21-10-2020	29,35,506	9,35,506
31-03-2021	9,41,570	19,412
28-08-2020	9,32,741	
30-07-2020	39,15,393	
30-06-2020	13,47,663	
18-06-2020	2,89,992	
13-05-2020	12,37,201	
23-04-2020	2,89,049	
23-04-2020	2,75,791	
05-09-2019	19,19,195	
09-05-2019	23,08,146	
25-01-2019	20,00,000	
29-01-2019	20,00,000	
27-01-2021	17,72,659	
ആകെ	2,41,44,906	9,54,918

ഹാബിറ്റാറ്റ് 19-03-2025-ൽ നൽകിയ കത്ത് പ്രകാരം നികുതികൾ ഉൾപ്പെടെ ലഭിക്കാനുള്ള 2,40,70,720 രൂപയിൽ

2,12,09,988 രൂപ ലഭിച്ചതിന്റെ ബാക്കി 28,60,732 രൂപ (റിടെൻഷൻ ഉൾപ്പെടെ) ഡിമാന്റ് ചെയ്തിരിക്കുന്നതായി കാണുന്നു. സ്ഥാപനം നല്കിയ ഫൈനൽ ബില്ലും വ്യവസ്ഥകൾ പാലിച്ച് സ്ഥാപനത്തിന് നല്കാവുന്ന തുകയും ചുവടെ ചേർക്കുന്നു.

ഹാബിറ്റാറ്റ് ഡിമാന്റ് ചെയ്തിരിക്കുന്ന തുക

വേലമൂല്യം (CPOH കുറച്ച്)	19737335.01
CGST 6%	1184240.10
SGST 6%	1184240.10
KCWFF 1%	197373.35
Kerala Flood Relief Cess 1%	128247.86
സെന്റേജ്ചാർജ് (പ്രൊഫഷണൽ ഫീസ് 7%)	1381613.45
CGST 9%	124345.21
SGST 9%	124345.21
Kerala Flood Relief Cess 1%	8979.43
ആകെ	24070719.72.00 ₹24070720 (പൂർണ്ണ സംഖ്യയിൽ)
റിടെൻഷൻ തുക 954918 ഉൾപ്പെടെ നല്കിയത്	₹21209988.00
ബാക്കി നല്കാനുള്ളത്	₹2860732 (24070720-21209988)

യഥാർത്ഥത്തിൽ നല്കാനുള്ളത്

വേലമൂല്യം (CPOH കുറച്ച്)	19737335.01
CGST 6%	1184240.10
SGST 6%	1184240.10
KCWFF 1%	197373.35
Kerala Flood Relief Cess 1%	128247.86
സെന്റേജ്ചാർജ് (ടെണ്ടർ നടപടികൾ ഇല്ലാത്തതിനാൽ വേലമൂല്യത്തിന്റെ0.5% തുക സെന്റേജ് ചാർജിൽ നിന്നും കുറക്കണം) 19737335.01*0.5%=98686.67 =1381613.45-98686.67	1282926.78 **
CGST 9%	115463.41
SGST 9%	115463.41
Kerala Flood Relief Cess 1%	8979.43
ആകെ	23954269.45
റിടെൻഷൻ തുക 954918 കിഴിച്ച് നല്കിയത് (24144906-954918)	23189988.00
റിടെൻഷൻ തുകയായ 954918 രൂപയിൽ നിന്നും അനുവദിക്കാവുന്നത്	764281.45

കരാറുകാരായ ഹാബിറ്റാറ്റിന് റിടെൻഷൻ തുകയിൽ നിന്നും 764281.45 രൂപ മാത്രമാണ് തിരികെ നല്കാൻ കഴിയുന്നതെന്നിരിക്കെ 28,60,732 രൂപ ഡിമാന്റ് ചെയ്യാനുണ്ടായ സാഹചര്യവും പ്രസ്തുത ഡിമാന്റിൽ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടിയും ഓഡിറ്റിൽ അടിയന്തിരമായി അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ 08/24-25 തീ 27-6-2025 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഹാബിറ്റാറ്റിന് ബാക്കി തുക നല്കിയില്ല എന്നും ഡിമാന്റ് തുകയിലെ തെറ്റ് ബോധ്യപ്പെടുത്തിയെന്നും അറിയിച്ചു. ബിൽ തുക പുന:പരിശോധിച്ച് ക്രമീകരിക്കുന്നതാണെന്ന് മറുപടി നൽകി. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 കരാർ കാലാവധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പിഴ ഈടാക്കിയില്ല

കുമ്പൻമൂഴി-പനംകുന്ത റോഡ് റീ-കോൺക്രീറ്റിംഗും ചപ്പാത്ത് നിർമ്മാണവും (പ്രോ.നം.163/25) എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി 28-10-2023-ൽ ശ്രീ. റെൻസൺ പി. റെജി എഗ്രിമെന്റ് വെച്ച് 07-11-2023-ൽ സൈറ്റ് ഏറ്റു വാങ്ങിയിട്ടുള്ളതാണ്. 8 മാസം പൂർത്തീകരണ കാലാവധിയുള്ള പ്രോജക്ട് 06-07-2024-ൽ പൂർത്തിയാക്കി ബ്ലോക്ക് പഞ്ചായത്തിന് കൈമാറേണ്ടതായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്തിയാക്കിയത് 22-02-2025-ൽ മാത്രമാണ്. Standard Bid Document 19.1-ൽ പറഞ്ഞ കാരണങ്ങളാൽ സമയദീർഘീകരണം ആവശ്യമുണ്ടെങ്കിൽ പ്രവൃത്തി തടസ്സപ്പെട്ട് 14 ദിവസത്തിനകം കരാറുകാരൻ അപേക്ഷ നല്കിയാൽ ആയത് പരിഗണിച്ച് പൂർത്തീകരണ കാലാവധിയുടെ പകുതി സമയം കൂടി പിഴ ഇല്ലാതെ ദീർഘീകരണം അനുവദിക്കാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിച്ച് നല്കുന്നതിന്, കേരള പൊതുമരാമത്ത് വകുപ്പിന്റെ 02-04-2024-ലെ ജി.ഒ(.എംസ്) 21/2024/PWD ഉത്തരവ് പ്രകാരം നിശ്ചിത കാലാവധിക്ക് ശേഷം പൂർത്തിയാക്കുന്ന പ്രവൃത്തിക്ക്, ആഴ്ചക്ക് 0.1% പിഴ ഈടാക്കി സമയദീർഘീകരണം അനുവദിക്കാവുന്നതാണ്.
പ്രവൃത്തി കരാർ കാലയളവിനുള്ളിൽ പൂർത്തിയാക്കിയില്ലെന്ന് കാണിച്ച് 26-10-2024, 13-12, 2024 തീയതികളിൽ അസി.എക്സി. എഞ്ചിനീയർ ബന്ധപ്പെട്ട കരാറുകാരന് കത്ത് നൽകിയിരുന്നു. (കത്ത് നം. DB/General/2022). പ്രവൃത്തി സമയത്ത് പൂർത്തീകരിക്കാതിരുന്നതിനാൽ പ്രസ്തുത കരാറുകാരനെ ഒഴിവാക്കി L2 കരാറുകാരനായ ശ്രീ. ജിൻസ്. പി. ജയിംസിനോട് നെഗോസിയേഷൻ നടത്തി കരാർ ഏൽപ്പിക്കുന്നതിന് അനുവാദത്തിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു (കത്ത് നം.E1/AEE/LID&EW/RBP. 03-01-2025). അന്ന് തന്നെ കമ്മിറ്റി അനുവാദവും നൽകിയിട്ടുണ്ട് (തീരുമാനം നം. 1(1), 03-1-2025). ആയത് കഴിഞ്ഞാണ് കരാറുകാരൻ പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. എന്നിട്ടും കരാറുകാരനിൽ നിന്ന് യാതൊരു പിഴയും ഈടാക്കിയിട്ടില്ല. മേൽ പ്രവൃത്തിക്ക് ഈടാക്കേണ്ടിയിരുന്ന ഫൈൻ ചുവടെ ചേർക്കുന്നു.

പദ്ധതി അടങ്കൽ	₹4,19,750 (വികസന ഫണ്ട്-റ്റി.എസ്.പി)
എഗ്രിമെന്റ് നം.	11/2023-24 Dated 28-10-2023
PAC	355720+18% ജി.എസ്.ടി
സെലക്ഷൻ നോട്ടീസ് പ്രകാരം പൂർത്തീകരണ തീയതി (8 മാസം)	06-07-2024
പിഴ കൂടാതെ (കരാർ കാലയളവിന്റെ 50%)	05-11-2024
പ്രവൃത്തി പൂർത്തീകരിച്ച തീയതി	22-2-2025
പ്രവൃത്തി മൂല്യം	
06-11-24 മുതൽ 5-02-24 വരെ (കരാർ തുകയുടെ 0.1%)- 15 ആഴ്ച	5,335
ആകെ	₹5,335
ചെലവ് തുക, ബിൽ നം., തീ.	₹411153 24054630163016910 77/ 25-03-2025

ഈ വിഷയവുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 05/27-06-2025) ലഭ്യമാക്കിയ മറുപടിയിൽ, തുക ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചു. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

1-14 ഗ്രൂപ്പ് കൃഷി - പ്രോജക്ട് നിർവഹണത്തിൽ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചില്ല

പ്രോജക്ടിന്റെ പേര്	ഗ്രൂപ്പ് കൃഷി
പ്രോജക്ട് നമ്പർ	20/25

നിർവഹണ ഉദ്യോഗസ്ഥ	കൃഷി അസിസ്റ്റന്റ് ഡയറക്ടർ
അടങ്കൽ	₹213840 (വികസന ഫണ്ട്)
ചെലവ്	₹213840 (വികസന ഫണ്ട്)

പതിനാലാം പഞ്ചവത്സര പദ്ധതി – സബ്സിഡി, ധനസഹായ, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ സ.ഉ(കൈ) നം. 115/2022/ത.സ്വ.ഭ.വ തീയതി 28/05/22 പ്രകാരം ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തിന് നേരിട്ട നിർവഹണം നടത്താവുന്നതാണ്. ആയതിൻ പ്രകാരം കാർഷിക തൊഴിൽ സേനകൾക്കും, സമിതികൾക്കും, സംഘങ്ങൾക്കും സഹായം (ഇൻഷുറൻസ്, രജിസ്ട്രേഷൻ ചെലവുകൾ ഉൾപ്പെടെ 90%) എന്ന പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി ഗ്രൂപ്പ് കൃഷി എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. 48 കർഷക ഗ്രൂപ്പുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്നു കണ്ടു.

1. 9 ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന ബ്ലോക്ക് ആണെങ്കിലും, 4 ഗ്രാമപഞ്ചായത്തുകളിലെ കാർഷിക സംഘങ്ങൾ (ചിറ്റാർ, റാന്നി, പെരുനാട്, സീതത്തോട്) മാത്രമാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയത്. ഈ നാല് പഞ്ചായത്തുകളിലെ സംഘങ്ങൾ മാത്രമേ അപേക്ഷിച്ചിരുന്നുള്ളൂ എന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടാണ് പ്രോജക്ടുകൾ ആസൂത്രണം ചെയ്യേണ്ടത് എന്ന മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല.

2. രജിസ്റ്റർ ചെയ്ത് 2 വർഷമെങ്കിലും കഴിഞ്ഞ സംഘങ്ങളാണെങ്കിൽ ധനസഹായം നൽകാമെന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ധനസഹായം നൽകപ്പെട്ട മിക്ക ഗ്രൂപ്പുകളും അഫിലിയേറ്റഡ് JLG ഗ്രൂപ്പുകൾ ആണ്. 1960-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവയോ, അഫിലിയേറ്റഡ് JLG ഗ്രൂപ്പുകളോ അല്ലാത്ത ഗ്രൂപ്പുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഗ്രൂപ്പുകളുടെ പേര് വിവരം ചുവടെ കൊടുക്കുന്നു.

A. ചിറ്റാർ ഗ്രാമ പഞ്ചായത്തിലെ ഹരിത കർഷക സംഘം, മൺപിലാവ്

B. പെരുനാട് ഗ്രാമ പഞ്ചായത്തിലെ കതിർ കർഷക സംഘം

C. പെരുനാട് ഗ്രാമ പഞ്ചായത്തിലെ ആവണി കർഷക സംഘം
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി മാർഗരേഖാ ഭേദഗതി ഉത്തരവ് പ്രകാരം 5 മുതൽ 20 പേരുള്ള രജിസ്റ്റേർഡ് കൃഷിക്കൂട്ടങ്ങൾക്ക് ധനസഹായം നൽകാവുന്നതാണ് എന്നും കൃഷി വകുപ്പിന്റെ എയിംസ് പോർട്ടലിൽ മേൽ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും അറിയിച്ചു. എന്നാൽ പ്രോജക്ട് നടപ്പാക്കിയ വർഷമാണ് ഈ ഗ്രൂപ്പുകൾ എയിംസിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും മാർഗ്ഗരേഖക്ക് അനുസൃതമായി ആണ് പ്രോജക്ടുകളുടെ നിർവ്വഹണം നടത്തുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-15 മരുന്ന് വാങ്ങൽ പ്രോജക്ടുകൾ - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി-ചിറ്റാർ, പി.എച്ച്.സി-വെച്ചൂച്ചിറ) നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി മരുന്നുവാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്ന് ചുവടെ ചേർക്കുന്നതു പ്രകാരമുള്ള തുകയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്.

നിർവ്വഹണോദ്യോഗസ്ഥൻ		മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, ചിറ്റാർ)		
പ്രോജക്ട് നം./പേര്	ബിൽ നം./തീയതി	കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക നൽകിയ വിവരം		ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്ന് (തുക)
		പ്രൊഫോർമ ഇൻവോയ്സ് നം.	തുക	
96/25 ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ	24050463015900640732/ 09.09.2024	PRF 914	303418	174020
	24050463015901519681/ 13.03.2025	PRF 3887	236582	187112
	24050463015901107646/ 30.12.2024	PRF 1997	60000	43489

നിർവ്വഹണോദ്യോഗസ്ഥൻ		മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, വെച്ചൂച്ചിറ)		
പ്രോജക്ട് നം./പേര്	ബിൽ നം./തീയതി	കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക നൽകിയ വിവരം		ലഭ്യമാകാൻ അവശേഷിക്കുന്ന മരുന്ന് (തുക)
		പ്രൊഫോർമ ഇൻവോയ്സ് നം.	തുക	
80/25 വെച്ചൂച്ചിറ സി.എച്ച്.സി-മരുന്നുവാങ്ങൽ	240504630151008914 40/12.11.2024	PRF 1579	350000	252454
75/25 സെക്കന്ററി പാലിയേറ്റീവ് കെയർ	240504630151014550 13/06.03.2025	PRF 4042	49465	49465
	240504630151008280 78/26.10.2024	PRF 1028	300000	151183

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം. 10/30.06.2025, 15/30.06.2025), കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മരുന്നുകൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-16 ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല

ഓഡിറ്റ് വർഷത്തിൽ മെഡിക്കൽ ഓഫീസർമാർ (പി.എച്ച്.സി, ചിറ്റാർ, സി.എച്ച്.സി, റാന്നി പെരുനാട്) നിർവ്വഹണോദ്യോഗസ്ഥരായി ആവിഷ്കരിച്ച ഏതാനും പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, ചിറ്റാർ) നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 6 പ്രോജക്ടുകളിൽ, ആശുപത്രി കെട്ടിടം പുനർ വൈദ്യുതീകരണം (113/25) എന്ന പ്രോജക്ട് നടപ്പാക്കിയിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ് 500000 രൂപ വകയിരുത്തിയ ഈ പ്രോജക്ട് നടപ്പാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.10/30.06.2025) പുനർ വൈദ്യുതീകരണം നടത്തുന്നതിനായി എസ്റ്റിമേറ്റ് എടുക്കുന്നതിന് പി.ഡബ്യു.ഡി.യ്ക്ക് കത്ത് നൽകിയതായും എന്നാൽ നാളിതുവരെ തുടർനടപടി ഉണ്ടായിട്ടില്ല എന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2) മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, റാന്നി പെരുനാട്) നിർവഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച 12 പ്രോജക്ടുകളിൽ 3 എണ്ണം നടപ്പാക്കിയിട്ടില്ല. നടപ്പാക്കാത്ത പ്രോജക്ടുകളുടെ വിവരവും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം. 16/01.07.2025) ലഭ്യമാക്കിയ വിശദീകരണവും ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	വകയിരുത്തിയ തുക	ഫണ്ടിനം	പദ്ധതികൾ നടപ്പാക്കാത്തതിന്റെ കാരണം / വിശദീകരണം
233/25	സി.എച്ച്.സി, പെരുനാട് റീവയറിംഗ്	319130	ധനകാര്യകമ്മീഷൻ അവാർഡ്	2024-25 കാലയളവിൽ ഫയർ ഓഡിറ്റ് നടത്തിയതിനെതുടർന്ന് റീവയറിംഗ് ചെയ്യണമെന്ന് നിർദ്ദേശിച്ചതനുസരിച്ചാണ് പദ്ധതിയ്ക്ക് തുക വകയിരുത്തിയിരുന്നത്. നിർവ്വഹണരീതിയിലുണ്ടായ ആശയകുഴപ്പം മൂലം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല. ഈ വർഷം പദ്ധതി ഭേദഗതി സമയത്ത് ഉൾപ്പെടുത്തുന്നതാണ്.
234/25	പെരുനാട് സി.എച്ച്.സിയിൽ ലാപ്ടോപ്പ്, ഡെസ്ക് ടോപ്പ്	300000	തനതുഫണ്ട്	ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ബ്ലോക്ക് പബ്ലിക്ക് ഹെൽത്ത് യൂണിറ്റ് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക്

				എപിഡമോളജിസ്റ്റ്, ഡേറ്റ മാനേജർ തസ്തികകൾ അനുവദിക്കുന്നതിനാൽ അവർക്ക് ഉപയോഗിക്കുന്നതിനു വേണ്ടിയാണ് വാങ്ങൽ നടത്താൻ തീരുമാനിച്ചത്. ഈ വർഷം ഇവ വാങ്ങുന്നതാണ്.
239/25	രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	1200000	ഹെൽത്ത് ഗ്രാന്റ്	പദ്ധതി സ്പിൽ ഓവറാക്കി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം പദ്ധതി നടപ്പാക്കുന്നതാണ്.

ചുമതലപ്പെടുത്തിയ പ്രോജക്ടുകൾ യഥാസമയം നടപ്പാക്കി പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-17 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	ടൈബൽ എക്സ്റ്റൻഷൻ ഓഫീസർ
പ്രോജക്ട് നം./പേര്	180/25 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി (SO)
അടങ്കൽ	₹260000 (വികസനഫണ്ട് – ടി.എസ്.പി)
ചെലവ്	₹230000

2023-24-ൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനു ആവിഷ്കരിച്ച പ്രോജക്ട് 2024-25-ൽ സ്പിൽ ഓവറാക്കി അംഗീകാരം നല്കിയിരുന്നു (180/25). എന്നാൽ പഠനമുറി നിർമ്മാണത്തിനായി നല്കുന്ന 200000 രൂപയിൽ ധനസഹായത്തിന്റെ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഒരു ഗുണഭോക്താവ് നിലവിലും നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു തുക കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്, വിലാസം	ആകെ കൈപ്പറ്റിയ തുക
കുമാരി അഞ്ജു D/O. ശ്രീമതി ഷീല അപ്പുകുട്ടൻ പൂവത്തുങ്കൽ, അട്ടത്തോട് റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത്	170000

ഈ ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം സംബന്ധിച്ച നിലവിലെ അവസ്ഥ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.9/30.06.2025) നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു. ഗുണഭോക്താവിന് മൂന്നു ഗഡു അനുവദിച്ചിരുന്നുവെങ്കിലും ടിയാൾ റൂഫ് കോൺക്രീറ്റിംഗ് പൂർത്തീകരിച്ചിട്ടില്ല. നിരവധി തവണ നേരിട്ടും നോട്ടീസ് മുഖേനയും നിർമ്മാണം പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും നിർമ്മാണം നടത്തിയിട്ടില്ല. നിർമ്മാണം പൂർത്തിയാക്കിയാൽ മാത്രമേ മൂല്യനിർണ്ണയം നടത്തി അവസാന ഗഡു തുക നൽകുവാൻ കഴിയുകയുള്ളൂ. ആയതിനാൽ സന്നദ്ധ സംഘടനകൾ മുഖേന നിർമ്മാണം പൂർത്തീകരിച്ച് നൽകുവാൻ ശ്രമം നടത്തിവരുന്നതായി അറിയിച്ചിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് പൂർണ്ണമായ ആനുകൂല്യം അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-18 ചെലവ് രേഖകൾ ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, റാന്നി പെരുനാട്) നിർവഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വൗച്ചറുകൾ ഭാഗികമായി മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.16/01.07.2025) ലഭ്യമാക്കിയ മറുപടിയോടൊപ്പം ഏതാനും വൗച്ചറുകൾ ലഭ്യമാക്കിയിരുന്നു. തുടർന്നും ലഭ്യമാക്കാൻ അവശേഷിക്കുന്ന ചെലവ് രേഖകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം./പേര്	അടങ്കൽ തുക	ചെലവ്	ബിൽ, വൗച്ചറുകൾ ലഭ്യമാക്കാത്തതിന്റെ വിവരം

1	98/25, റാന്നി പെരുനാട് സാമൂഹികാരോഗ്യകേന്ദ്രത്തിലെ ഓഫീസ് ചെലവുകൾ	250000 (വികസനഫണ്ട് ജനറൽ)	231920	4240 രൂപയുടെ ടഷറി ബില്ലുകൾ, വൗച്ചറുകൾ
2	104/25, പാരാമെഡിക്കൽ സ്റ്റാഫിന് വേതനം	800000 (വികസനഫണ്ട് ജനറൽ)	683000	34000 രൂപയുടെ ടഷറി ബില്ലുകൾ, വൗച്ചറുകൾ
3	106/25, കെ.ഇ.ഐ.എൽ-ന് വിഹിതം നൽകലും ലാബ് റീ ഏജന്റ് വാങ്ങലും	100000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)	62709	8229രൂപയുടെ ടഷറി ബില്ലുകൾ, വൗച്ചറുകൾ
4	103/25, സെക്കന്ററി പാലിയേറ്റീവ് കെയർ	800000 (വികസനഫണ്ട് ജനറൽ)	729413	₹145351 (73349+36026+35976) രൂപയുടെ ടഷറി ബില്ലുകൾ, വൗച്ചറുകൾ
5	141/25, സെക്കന്ററി പാലിയേറ്റീവ് കെയർ (SO)	38297 (വികസനഫണ്ട് ജനറൽ)	36536	36536 രൂപയുടെ ടഷറി ബില്ലുകൾ, വൗച്ചറുകൾ
	ആകെ			₹228356

അവശേഷിക്കുന്ന ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവുതുക 228356 രൂപ തടസ്സപ്പെടുത്തുന്നു.

1-19 പാലിയേറ്റീവ് കെയർ പ്രോജക്ട് - മരുന്നും ഉപകരണങ്ങളും ലഭിക്കാൻ ശേഷിക്കുന്നു

പ്രോജക്ടിന്റെ പേര്	റാന്നി താലൂക്ക് ആശുപത്രിയിൽ സെക്കണ്ടറി പാലിയേറ്റീവ് കെയർ
പ്രോജക്ട് നമ്പർ	95/25
അടങ്കൽ	₹1200000 (വികസന ഫണ്ട്)
ചെലവ്	₹1199386 (വികസന ഫണ്ട്)
നിർവഹണോദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി

മെഡിക്കൽ ഓഫീസർ നിർവഹണദ്യോഗസ്ഥയായി നടപ്പാക്കുന്ന പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ഭാഗമായി കിടപ്പ് രോഗികൾക്ക് ആവശ്യമായ മരുന്നും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിന് കാരുണ്യ ഫാർമസിയുടെ അക്കൗണ്ടിലേക്ക് ചുവടെ ചേർക്കും പ്രകാരം തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിലും മരുന്നും, ഉപകരണങ്ങളും പൂർണമായും ലഭിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ബിൽനം, തീയതി, തുക	പ്രഫോമ ഇൻവോയ്സ് നമ്പർ	കൈമാറിയ തുക	ലഭിച്ചത് (തുക)	ലഭിക്കാൻ ശേഷിക്കുന്നത്
36028/07.09.24, ₹732863	PRF 373/24.03.24, ₹732863	732863	310541	422322
10590/11.02.25, ₹143871	PRF3469 /04.02.25	143871	-	143871

ലഭിക്കാനവശേഷിക്കുന്ന മരുന്നും, ഉപകരണങ്ങളും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, അവ പൂർണമായും സ്റ്റോക്കിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.


1-20 സ്വയംതൊഴിൽ ഗ്രൂപ്പിന് സബ്സിഡി - നിലവിലുള്ള സ്ഥാപനങ്ങൾക്ക് ധനസഹായം നല്കി

പ്രോജക്ട്/ നമ്പർ	സ്വയം തൊഴിൽ തുടങ്ങാൻ വനിതകൾക്ക് ധനസഹായം, 12/2025
നിർവ്വഹണ ഉദ്യോഗസ്ഥൻ	വ്യവസായ വികസന ഓഫീസർ
അടങ്കൽ	₹34,00,000 വികസന ഫണ്ട് പൊതുവിഭാഗം

ചെലവ്	₹1782212

മേൽ പ്രോജക്ട് പ്രകാരം 8 യൂണിറ്റുകൾക്ക് 2 ലക്ഷം രൂപ വീതം 16 ലക്ഷം രൂപയും 1 യൂണിറ്റിന് 182212 രൂപയും ഉൾപ്പെടെ 1782212 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുള്ള സംരംഭകത്വ വികസനമായിരുന്നു പ്രോജക്ട് ലക്ഷ്യം. നിലവിൽ തൊഴിൽ രഹിതരായ 18 വയസ്സിനും 59 വയസ്സിനും ഇടയിലുള്ളവർക്ക് ഗ്രൂപ്പ് സംരംഭം തുടങ്ങുന്നതിന് സർക്കാർ ധനസഹായം നല്കുകയായിരുന്ന പദ്ധതി. പദ്ധതി അടങ്കലിന്റെ 75% സബ്സിഡി അനുവദിക്കാമെങ്കിലും പരമാവധി 2 ലക്ഷം രൂപയാണ് ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയിരുന്നത്. വായ്പാബന്ധിത പ്രോജക്ടാണെങ്കിൽ വായ്പ അനുവദിക്കുന്ന മുറക്കും അല്ലെങ്കിൽ തുടങ്ങി 3 മാസത്തെ പ്രവർത്തനം വിലയിരുത്തിയും സബ്സിഡി അനുവദിക്കുന്നു. സ്വയം തൊഴിൽ ഗ്രൂപ്പുകളുടെ ഫയലുകൾ പരിശോധിച്ചതിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി, മുൻകാലങ്ങളിൽ ആരംഭിച്ച് തുടർന്ന് വന്നിരുന്ന പ്രോജക്ടുകൾക്ക് ധനസഹായം നല്കിയിട്ടുള്ളതായി കാണുന്നു.

ഹൃഷികേശ് ടെയ്ലറിംഗ് & ക്യാരിബാഗ്



St. George Enterprises

Mullet Plaza, Near Rotary Club, Thankalam, Kothamangalam – 686 691
Tel : +91 844 770 7071 GSTIN : 32AADPU3668D1ZR

GST INVOICE

No : SGE/B/295 Date of Supply : 05 Feb 2024 Place of Supply : Kothamangalam
Date : 05 Feb 2024 Reverse Charge : Y/N State : Kerala Code : 32
To : Ms.Hrishikesh Bags, (Sindhu), Opp: Hrishikesh Temple, Madamon PO, Vadasserikkara
Delivery at : Ms.Hrishikesh Bags, (Sindhu), Opp: Hrishikesh Temple, Madamon PO, Vadasserikkara
Mob : 8590548671/9947861509 Veh No : Bon Cargos GSTIN : URP

HSN Code	Item	Rate	Rolls	Qty (Kg)	Amount
56031300	Non Woven Fabrics 100 RED AMF	133.50	1	40.250	5,373.38
56031300	Non Woven Fabrics 110 PINK AMF	133.50	1	44.050	5,880.68
56031300	Non Woven Fabrics 100 Printing DC PI	163.50	1	38.920	6,363.42
			3	123.220	17,617.47
				Discount	0.00
				Tax Amount	17,617.47
				Add CGST (6%)	1,057.05
				Add SGST (6%)	1,057.05
				Total Tax Amount	2,114.10
					0.43

Seventeen Thousand Seven Hundred Thirty Two Only Total

Declaration : Certified that the Particulars given above are correct

for St. George Enterprises

Bank, Kothamangalam Branch
A/c 102 000 000 444

വടശ്ശേരിക്കര ഗ്രാമപഞ്ചായത്തിൽ സുനിതാകുമാരി ,സിന്ധു, പത്മിനി എന്നിവർ ചേർന്ന് 2023-24 വർഷം ആരംഭിച്ച യൂണിറ്റാണ് ഇത് എന്ന് കാണുന്നു. 19-03-2024-ൽ യൂണിറ്റ് കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 19-10-2024 ലാണ് സബ്സിഡിക്കുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷം അവസാനിക്കാൻ 3 മാസം മാത്രം ഉള്ളപ്പോഴാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് ഭരണസമിതി അംഗീകരിച്ചിട്ടുള്ളത്. പ്രോജക്ട് ചെലവുകൾ തെളിയിക്കുന്നതിനായി സ്ഥാപനം ഹാജരാക്കിയ രേഖകൾ പ്രകാരം സെന്റ് ജോർജ് എന്റർ പ്രൈസസിൽനിന്നും 5-2-2024 മുതൽ അസംസ്കൃത സാധനങ്ങൾ വാങ്ങിയിരുന്നു എന്ന് വ്യക്തമാകുന്നു (ഹാജരാക്കിയ ബില്ലിൽ ഇത് വ്യക്തമാണ്). ഇതിൽ നിന്നും 2023-24 മുതൽ പ്രവർത്തിച്ച് വന്നിരുന്ന സ്ഥാപനത്തിനാണ് 2 ലക്ഷം (BRN No. 24050463015001597599/19-3-25) രൂപ സബ്സിഡി നല്കിയിട്ടുള്ളത് എന്നത് വ്യക്തമാണ്. സബ്സിഡി ലഭിക്കുന്നതിന് 09/24 ലോൺ എടുക്കുകയും, പുതിയ അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ പഞ്ചായത്ത് ലൈസൻസ് ഫയലിൽ ഇല്ല.

ശക്തി സോപ്സ് & ലോഷൻസ്

പെരുനാട് ഗ്രാമപഞ്ചായത്തിൽ സുധാരാജീവ്, വിജയകുമാരി എന്നിവർ ചേർന്ന് 2023-24 വർഷം ആരംഭിച്ച യൂണിറ്റാണ് ഇത് എന്ന് കാണുന്നു. റാന്നി പെരുനാട് ഗ്രാമ പഞ്ചായത്ത് കാര്യാലയം ശക്തി സോപ്സ് & ലോഷൻസ് എന്ന സ്ഥാപനത്തിന് ധനസഹായം നല്കിയിട്ടില്ല എന്ന് 29-11-2023-ൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 06/2024 മുതൽ വാങ്ങിയ സാധനങ്ങളുടെ ബില്ലാണ് അടങ്കൽ ചെലവ് തെളിയിക്കുന്നതിന് ഹാജരാക്കിയിട്ടുള്ളത്. കൂടാതെ സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾക്കായി 23-07-2024-ൽ അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ അപേക്ഷ ബ്ലോക്ക്പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചത് 09-12-2024-ൽ മാത്രമാണ്. ഇതിൽ നിന്നും 2023-24 മുതൽ പ്രവർത്തിച്ച് വന്നിരുന്ന സ്ഥാപനത്തിനാണ് 2 ലക്ഷം (BRN No 24050463015001717362/26-3-25) രൂപ സബ്സിഡി നല്കിയിട്ടുള്ളത് എന്നത് വ്യക്തമാണ്.

തൊഴിൽ രഹിതരായവർ പുതിയതായി ആരംഭിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം നല്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണ് നിലവിലുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പ്രോജക്ടായി നടപ്പാക്കിയത്. സബ്സിഡി മാനദണ്ഡങ്ങൽ ലംഘിച്ച് നടത്തിയ 4 ലക്ഷം രൂപയുടെ ചെലവിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നമ്പരായി ഓഡിറ്റ് എൻക്വയറി (06/27-06-25) നല്കിയിരുന്നു. ആയതിന് നല്കിയ മറുപടിയിൽ ഗ്രൂപ്പ് ആനുകൂല്യങ്ങൾക്ക് വേണ്ടിയുള്ള നടപടികൾ നേരത്തേ ആരംഭിച്ചിരുന്നു എന്നും സ്ഥാപനത്തെ

തെരഞ്ഞെടുത്തത് താമസിച്ചായതിനാൽ യൂണിറ്റ് പ്രവർത്തനം നേരത്തേ ആരംഭിച്ചു എന്നും അറിയിച്ചു. കൂടാതെ ഭരണസമിതി അംഗീകരിച്ച ഗ്രൂപ്പുകൾക്കാണ് സബ്സിഡി നല്കിയത് എന്നും അറിയിച്ചു.

പ്രോജക്ട് നിർവ്വഹണ നടപടികൾ ആരംഭിക്കുന്നതിന് മുൻപ് ആരംഭിച്ച് പ്രവർത്തിച്ച് വന്നിരുന്ന യൂണിറ്റുകളായതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഈ ഇനത്തിൽ മേൽ പറഞ്ഞ 2 സ്ഥാപനങ്ങൾക്ക് നല്കിയ 4 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു. മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നല്കിയ 4 ലക്ഷം രൂപയുടെ ചെലവിന് അധികാര സ്ഥാനങ്ങളിൽനിന്നും സാധൂകരണം വാങ്ങി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 പൊതുമരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം - പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകുന്നില്ല

2023-24 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 74 പ്രോജക്ടുകളാണ് ഉണ്ടായിരുന്നത്. ഇതിൽ 30 പ്രോജക്ടുകൾ സ്പിൽ ഓവറും 44 പ്രോജക്ടുകൾ പുതിയതുമായിരുന്നു. ഇതിൽ നടപ്പാക്കിയത് 38 പ്രോജക്ടുകൾ. നടപ്പ് സാമ്പത്തിക വർഷം 36 പ്രോജക്ടുകളിൽ ചെലവില്ല. മരാമത്ത് പ്രോജക്ടുകളുടെ ധനകാര്യ വിശകലനം ചുവടെ പറയും പ്രകാരമാണ്.

ഫണ്ടിനം	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെലവ് ശതമാനം
വികസന ഫണ്ട് - ജനറൽ	14957099	6431354	43
വികസന ഫണ്ട് - എസ്.സി.പി	5173171	1724660	33.34
വികസന ഫണ്ട് - റ്റി.സി.പി	1419750	910436	64.13
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	18715619	6933631	37.05
മെയിന്റനൻസ് ഫണ്ട് - നോൺറോഡ്	9585167	2547090	26.57
ഹെൽത്ത് ഗ്രാന്റ്	2750000	2225090	80.91
ആകെ (ഗ്രാന്റിനം)	47427635	19047601	40.16
തനത് ഫണ്ട്	1461633	257938	17.65
ഒട്ടാകെ	96316903	38353140	39.82

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വെച്ച് കുറഞ്ഞ അടങ്കലുള്ള അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതുമൂലം ഭൂരിഭാഗം പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതെ സ്പിൽ ഓവറാകുന്നു. ടെണ്ടർ, റീടെണ്ടർ, ക്വട്ടേഷൻ എന്നിവ നടത്തിയിട്ടും പ്രവൃത്തികൾ കരാറുകാർ എടുക്കാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൽ മരാമത്ത് പണികൾ സ്ഥിരമായി കരാറെടുക്കുന്ന ചില വ്യക്തികൾ കരാറിലേർപ്പെട്ടതിനുശേഷം വർഷങ്ങളോളം പണിനടത്താതെ പ്രോജക്ടുകൾ നീട്ടികൊണ്ടുപോകുന്ന സ്ഥിതിവിശേഷവും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻവർഷങ്ങളിൽ കരാറിൽ എർപ്പെട്ട പല പ്രവൃത്തികളും വർഷങ്ങളോളം സ്പിൽ ഓവറായി തുടരുന്ന സ്ഥിതിയാണുള്ളത്. മരാമത്ത് പ്രവൃത്തികളുടെ സമയബന്ധിതമായ നിർവ്വഹണം ഭരണ സമിതിയും, വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പാക്കേണ്ടതാണ്.

പ്രോജക്ട് മോണിറ്ററിംഗ് സംബന്ധമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മോണിട്ടറിംഗ് അഭിവാജ്യമായ ഘടകമാണ്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി മോണിറ്ററിംഗ് നടത്തി മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രദ്ധിക്കേണ്ടതാണ്. പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, പഞ്ചായത്ത് ഭരണസമിതിയുടെയും ഭാഗത്തു നിന്നും ക്രിയാത്മകമായ സമീപനം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

1-22 ടേക്ക്-എ-ബ്രേക്ക്-പൊതുശൗചാലയ നിർമ്മാണം നീളുന്നു

റാന്നി വലിയ പാലത്തിന് സമീപത്തായി ബ്ലോക്ക് പഞ്ചായത്ത് നിർമ്മിക്കുന്ന ടേക്ക്-എ-ബ്രേക്ക് (പൊതുശൗചാലയം)-ന്റെ നിർമ്മാണം അനന്തമായി നീളുന്നു. 2024 ഫെബ്രുവരി മാസത്തിൽ കരാർ ചമച്ച പ്രവൃത്തി ഇപ്പോഴും ആരംഭദശയിൽതന്നെയാണ്. റാന്നി താലൂക്ക് ലേബർ കോൺടാക്ട് സൊസൈറ്റിയാണ് പ്രവൃത്തി നടത്താൻ കരാർ ഏറ്റെടുത്തിട്ടുള്ളത്. 05-02-2024-ൽ സ്ഥാപനം ബ്ലോക്ക് പഞ്ചായത്തുമായി കരാറിൽ എർപ്പെട്ടിട്ടുണ്ട്. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	പദ്ധതി	അടങ്കൽ	ചെലവ്

2023-24	റാന്നി പാലത്തിന് സമീപം ടേക്ക്-എ-ബ്രേക്ക്, (167/24)	61,00,000	ഇല്ല
2024-25	റാന്നി പാലത്തിന് സമീപം ടേക്ക്-എ-ബ്രേക്ക്, (212/24)	64,49,680	16,29,030

ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ, 18 മീറ്റർ നീളത്തിൽ ഡി.ആർ. ഭിത്തി, 7.6 മീറ്റർ നീളത്തിൽ ഡി.ആർ., നദിയുടെ വശത്തായുള്ള മണ്ണ് സംരക്ഷിക്കാനായി 4 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ഭിത്തി എന്നിവയാണ് നാളിതുവരെ നടന്നിട്ടുള്ള പ്രവൃത്തികൾ. പ്രവൃത്തി നടത്താൻ ഉദ്ദേശിച്ച സ്ഥലത്ത് നിന്നിരുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് തുക നൽകിയിരുന്നെങ്കിലും മണിമല ഇലക്ട്രിക് ഡിവിഷനിൽപെട്ട ഇലക്ട്രിക് പോസ്റ്റുകൾ നാളിതുവരെ സൈറ്റിൽ നിന്നും മാറ്റിയിട്ടില്ല.

പദ്ധതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 11/30-06-2025) മറുപടിയായി, പ്രവൃത്തിക്ക് താത്ക്കാലിക സ്റ്റേ ഓർഡർ ലഭിച്ചതുകാരണമാണ് നിർമ്മാണം മുടങ്ങിയതെന്നും നിലവിൽ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും '12 Column Footing' പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്നും അറിയിച്ചു. 2025 സെപ്റ്റംബർ മാസത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.

അനവധി ദീർഘദൂര യാത്രികർ കടന്നുപോകുന്ന ഈ സ്ഥലം, പുനലൂർ മൂവാറ്റുപുഴ സംസ്ഥാന പാതയ്ക്കരികിലാണ്. ശബരിമല തീർത്ഥാടകരുടെ പ്രധാന സഞ്ചാര പാതയും കൂടിയാണിത്. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കിയാൽ യാത്രികർക്ക് വളരെയധികം പ്രയോജനം ചെയ്യുന്ന ഒരു പദ്ധതിയായതിനാൽ അടിയന്തിര പ്രാധാന്യം നൽകി പ്രവൃത്തി പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

1-23 ആരോഗ്യമേഖലാ ഗ്രാന്റ് -വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നിനും പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരികയായതിനാൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗത്തിനാധാരമായിട്ടുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും.

ക്രമ നം.	ഉത്തരവ് നമ്പർ, തീയതി
1	G.O(Rt) No. 2132/2022/LSGD Dated 31.08.2022
2	G.O(Rt) No. 2156/2022/LSGD Dated 01.09.2022
	G.O(Rt) No. 1625/2023/LSGD Dated 09.08.2023
5	Circular No. FM3/138/2023/LSGD Dated 23.05.2023

ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കേണ്ട വിവിധ സ്കീമുകൾ

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4 - ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായുള്ള ബാങ്ക് അക്കൗണ്ടുകൾ

സൗത്ത് ഇൻഡ്യൻ ബാങ്കിൽ 16-09-2023 ൽ ആരംഭിച്ച 0422053000005842 നമ്പർ അക്കൗണ്ട് വഴിയാണ് ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾ നടക്കുന്നത്. ഈ അക്കൗണ്ടിൽ 31-03-2025 ൽ 4891092 രൂപ പലിശ അടക്കം നീക്കിയിരിപ്പ് ഉണ്ട്.

2021-22 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റ്

വർഷം	ഇനം	മുന്നിരിപ്പ്	ലഭ്യമായ തുക	ചെലവഴിച്ച തുക	ബാക്കി തുക
2022-23	സ്കീം 2	0	2757000	2182606	574394
2023-24	സ്കീം 2	574394	4217000	0	4791394
2024-25	സ്കീം 2	4791394	0	0	4791394

ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യ മേഖലയിലെ നിലവിലെ സാഹചര്യം

റാന്നി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ 4 സാമൂഹിക ആരോഗ്യകേന്ദ്രങ്ങളും, 1 താലൂക്ക് ആശുപത്രിയുമാണ് ഉള്ളത്. ആയവയെല്ലാം സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. സ്കീം 2 ഇനത്തിൽ ബ്ലോക്ക് പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് സഹായം ആയി നാളിതു വരെ 6974000 രൂപയാണ് ലഭിച്ചത് . ഈ തുക ഉപയോഗിച്ച് ആവിഷ്കരിച്ച പ്രോജക്ടുകളിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു

ക്രമം	സാമ്പത്തിക വർഷം	പ്രോജക്ട്	വകയിരുത്തിയ തുക	ചെലവഴിച്ചതുക	നിർവ്വഹണ ഉദ്യോഗസ്ഥൻ
1	2023-24	പെരുനാട് സി.എച്ച്.സി. കെട്ടിട നവീകരണം	2750000	2182606	അസിസ്റ്റന്റ് എഞ്ചിനീയർ
2	2024-25	പെരുനാട് സി.എച്ച്.സി-യിൽ രോഗനിർണ്ണയ സൗകര്യം	1200000	0	മെഡിക്കൽ ഓഫീസർ (സി.എച്ച.സി. പെരുനാട്)
3	2024-25	പെരുനാട് സി.എച്ച്.സി-യിൽ കംപ്യൂട്ടർ പ്രിന്റർ	717000	0	സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്
4	2024-25	പെരുനാട് സി.എച്ച്.സി-യിലെ പി.എച്ച്.സി. യൂണിറ്റ് കെട്ടിടത്തിന് അടിസ്ഥാന സൗകര്യം	2300000	0	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
5			6967000	2182606	

പെരുനാട് ആശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് മാത്രമേ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുള്ള ബാക്കി പ്രവൃത്തികൾ നടത്താൻ കഴിയൂ എന്നാണ് എക്സിറ്റ് മീറ്റിംഗിൽ വിശദീകരിക്കപ്പെട്ടിട്ടുള്ളത്. പൊതുജനാരോഗ്യരംഗത്തെ കാര്യക്ഷമമായ ഇടപെടൽ ലക്ഷ്യമിട്ട് ലഭിക്കുന്ന കേന്ദ്രവിഹിതം യഥാസമയം വിനിയോഗിക്കാത്തത് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ചയാണ്. ഭരണസമിതി വിഷയം പരിഗണിച്ച് ഫണ്ട് വിനിയോഗം ഉറപ്പു വരുത്തേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്ക്

ഓഡിറ്റ് വർഷം ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു

1. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
33	1,96,500	1,96,500		

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
ഇല്ല					

3. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്
ഇല്ല				

4. മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്ക്സ്

ഇല്ല

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

2024-25 വർഷം സംയുക്ത പ്രോജക്ടിനായി പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ നിന്ന് 1274000 രൂപയും വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 535000 രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ട് പൂർണ്ണമായുംചെലവഴിച്ചിട്ടുണ്ട്.

തുക നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്(നം.)	ചെലവ്	ബാക്കി
റാന്നിപഴവങ്ങാടി ഗ്രാമപഞ്ചായത്ത്	70000	പി.എം.എ.വൈ. (ജനറൽ)	70000	0
റാന്നി ഗ്രാമപഞ്ചായത്ത്	45000	പി.എം.എ.വൈ. (എസ്.സി.പി.)	45000	0
റാന്നി ഗ്രാമപഞ്ചായത്ത്	70000	പി.എം.എ.വൈ. (ജനറൽ)	70000	0
റാന്നി ഗ്രാമപഞ്ചായത്ത്	70000	പി.എം.എ.വൈ. (ജനറൽ)	70000	0
റാന്നി ഗ്രാമപഞ്ചായത്ത്	70000	പി.എം.എ.വൈ. (ജനറൽ)	70000	0
റാന്നി ഗ്രാമപഞ്ചായത്ത്	140000	പി.എം.എ.വൈ. (ജനറൽ)	140000	
ചിറ്റാർ ഗ്രാമപഞ്ചായത്ത്	70000	പി.എം.എ.വൈ. (ജനറൽ)	70000	
	535000	ആകെ ഗ്രാമപഞ്ചായത്ത് വിഹിതം	535000	0
പത്തനംതിട്ട ജില്ലാപഞ്ചായത്ത്	98000	പി.എം.എ.വൈ. (എസ്.സി.പി.)	98000	0
	98000	പി.എം.എ.വൈ. (റ്റി.എസ്.പി.)	98000	0
	392000	പി.എം.എ.വൈ. (ജനറൽ)	392000	0
	490000	പി.എം.എ.വൈ. (ജനറൽ)	490000	0
	196000	പി.എം.എ.വൈ. (ജനറൽ)	196000	0
	1274000	ജില്ല പഞ്ചായത്ത് വിഹിതം	1274000	0

4-3 നിക്ഷേപ പ്രവൃത്തിക്ക് നല്കിയ തുകയുടെ വിവരം

റാന്നി ബ്ലോക്ക്പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിലെ സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ട പ്രകാരം KSEB Ltd.-ൽ 280693 രൂപയും വാട്ടർ അതോറിറ്റിയിൽ 2672000 രൂപയും നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.)	മുൻകൂർ നൽകിയത്	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കി
കേരള വാട്ടർ അതോറിറ്റി	വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽമക്കപ്പുഴ – പനവേലി, SCP87/24-25	172000	-	172000
	മക്കപ്പുഴ ചക്രപാണി കുളം ടാങ്ക് നിർമ്മാണം, അനുബന്ധ	2500000		2500000

	സൗകര്യം ഒരുക്കൽ, 236/24-25			
	ആകെ	2672000		2672000
കെ.എസ്.ഇ.ബി	നെല്ലിക്കമൺ – ഊട്ടുപാറ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (81/24-25)	35330		35330
	നിരവേൽ കോളനി – വള്ളിയാനി റോഡ് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (81/24-25)	245363		245363
	വട്ടാർക്കയം എസ്.സി. കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	5379		5379
ആകെ നിക്ഷേപ പ്രവൃത്തിക്ക് നൽകിയത്		280693		280693

വാർഷികകണക്ക് പ്രകാരം വട്ടാർക്കയം എസ് സി കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രവൃതിക്ക് 5379 രൂപ മുൻകൂർ നല്കിയതായി ചേർത്തിട്ടുണ്ടെങ്കിലും വിശദപരിശോധനയിൽ പൂർത്തിയായ പ്രവൃത്തിക്ക് ബാക്കി തുക നല്കിയതാണ്. നെല്ലിക്കമൺ-ഊട്ടുപാറ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പ്രവൃത്തിക്ക് 35330 രൂപ മുൻകൂർ നല്കിയതായി ചേർത്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തുകയുടെ 20% വരുന്ന തുകയാണ് നല്കിയത്.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല

4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഓഡിറ്റ് വർഷം/ ഖണ്ഡിക നം.	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക	വിഷയം	നിയമസഭ സമിതി റിപ്പോർട്ട് നം.	നിലവിലെ സ്ഥിതി
2022-23 1-9	2023-24 അദ്ധ്യായം 1-3.4	സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയ്ക്ക് 40.33 ലക്ഷം രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങി നൽകി		നിയമസഭ സമിതിയുടെ പരിഗണനയിൽ
2008-09/ ഖ. 3-15	2011-12/ 2.4	ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി	LFAC 2021-23 28th റിപ്പോർട്ട് 06-12-2022 Para-41	പരിശോധന നടത്തി 15-03-25 ൽ ഡയറക്ടർക്ക് കത്ത് നൽകി. പദ്ധതി ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

2008-09/ ഖ. 3-15	2011-12/ 4.9.	പട്ടികജാതി കോളനി വികസനം - മാർഗ്ഗരേഖ ലംഘിച്ച് ആനുകൂല്യം നൽകി	LFAC 2021-23 28th റിപ്പോർട്ട് Para-41	പരിശോധന നടത്തി 15-03-25 ൽ ഡയറക്ടർക്ക് കത്ത് നൽകി. പദ്ധതി ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.
1999-00	2001-02 3.6	സന്നദ്ധ സേവനം: മരാമത്ത് ബില്ലുകളിൽ നിന്നും ഈടാക്കിയില്ല *(ഇടശ്ശേരിക്കടവ് എലാ വികസനം)*	LFAC 2004-06 11th Report Para-180 2019-21 50th Report 12-02-2020 Para-180 (3.20.3) – Action Taken Report	ശ്രീ സാം മാത്യു, അസി.എഞ്ചിനീയർ 16-05-2008-ലെ 14-ാം നം. ചെല്ലാൻ പ്രകാരം 5000 രൂപ തിരിച്ചടച്ചു.
2006-07/ ഖ. 2-2	2009-10/ 3.7.7.1	പുതുശ്ശേരിമല കുടിവെള്ള പദ്ധതി	LFAC 2023-26 50th Report 27-06-2024 Para-73	പ്രസ്തുത പ്രദേശത്ത് വാട്ടർ അതോറിറ്റിയുടെയും ജലനിധി പദ്ധതി പ്രകാരവുമുള്ള കുടിവെള്ള പദ്ധതികൾ നിലവിലുള്ള സാഹചര്യത്തിൽ നിഷ്ക്രീയമായ പുതുശ്ശേരിമല കുടിവെള്ള പദ്ധതിയുടെ ആസ്തി പഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുന്നതിന് സമിതി ശുപാർശ ചെയ്തു
2005-06/ ഖ. 2-6	2008-09/ 3.6.6	ആറുവച്ചാൻ കുഴി-ഇടകടത്തി-കുറുമ്പൻ മൂഴിക്കോട് റോഡ് നിർമ്മാണം (നബാർഡ്)	LFAC 2021-23 42th Report 10-08-2023 Para-54	ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തു

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡിക ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഇനം	ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം
ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	9,54,51,837
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	10,05,87,779

വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	6,28,356

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	2,28,356	ഡോ. ദീപ ഹരിഹരൻ, മെഡിക്കൽ ഓഫീസർ, റാന്നി പെരുനാട്
1-20	4,00,000	ശ്രീ. ലിജു ജെ.എൽ., വ്യവസായ വികസന ഓഫീസർ
ആകെ	6,28,356	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. ദീപ ഹരിഹരൻ, മെഡിക്കൽ ഓഫീസർ, റാന്നി പെരുനാട്	മെഡിക്കൽ ഓഫീസർ, റാന്നി പെരുനാട്	നന്ദനം, KRWA 15 B കലവൂർ ലൈൻ തിരുവനന്തപുരം
ശ്രീ. ലിജു ജെ.എൽ., വ്യവസായ വികസന ഓഫീസർ	വ്യവസായ വികസന ഓഫീസർ, വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം	നികുഞ്ജം, പാങ്ങോട്, ആനാട് പി.ഒ, നെടുമങ്ങാട്

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1998-99 (ചെലവ്)	എൽ.എഫ്.പി.റ്റി.എ.പി5.898/99, തീയതി 14.12.1999	1
2000-01 (ചെലവ് & ജ.ആ)	എൽ.എഫ്.പി.റ്റി.എ.പി5.663/02, തീയതി 10.07.03	3
2001-02 (ചെലവ് & ജ.ആ)	എൽ.എഫ്.പി.റ്റി.എ.പി5.294/04, തീയതി 19.07.04	1
2002-03 (ചെലവ്)	എൽ.എഫ്.പി.റ്റി.എ.പി6.887/06, തീയതി 06.03.07/13.12.07	7

2003-04	എൽ.എഫ്.പി.റ്റി.എ.പി6.725/08, തീയതി 03.04.08/30.09.08	1
2005-06	എൽ.എഫ്.പി.റ്റി.എ.പി6.786/08, തീയതി 03.04.08/30.09.08	2
2006-07	എൽ.എഫ്.പി.റ്റി.എ.പി6.840/08, തീയതി 20.03.09/30.06.09	2
2007-08	എൽ.എഫ്.പി.റ്റി.എ.പി3.41/10, തീയതി 04.10.10/29.07.11	1
2008-09	എൽ.എഫ്.പി.റ്റി.എ.പി2.761/11, തീയതി 12.12.11	9
2009-10,	എൽ.എഫ്.പി.റ്റി.എ.പി2.151/13, തീയതി 04.04.13	3
2010-11 മുതൽ 2012-13 വരെ	എൽ.എഫ്.പി.റ്റി.എ.പി2.227/14, തീയതി 30.07.14/9.12.14	21
2013-14	എൽ.എഫ്.പി.റ്റി.എ.പി2.104/15, തീയതി 31.03.15	5
2014-15	കെ.എസ്.എ.പി.റ്റി.എ.പി2.995/17, തീയതി 20.09.17	13
2015-16	കെ.എസ്.എ.പി.റ്റി.എ.പി13/195/17, തീയതി 15.04.17	16
2016-17	നം.കെ.എസ്.എ.പി.റ്റി.എ.പി12/1310/2017, തീയതി 7.12.2017	5
2017-18	നം.കെ.എസ്.എ.പി.റ്റി.എ.പി12/323/2019, തീയതി 04.05.2019	6
2018-19	നം.കെ.എസ്.എ.പി.റ്റി.എ.പി12/860/2019, തീയതി 11.10.2019	9
2019-20	നം.കെ.എസ്.എ.പി.റ്റി.എ.പി12/916/22, തീയതി 18.01.2022	14
2020-21	നം.കെ.എസ്.എ.പി.റ്റി.എ.പി12/917/22, തീയതി 18.01.2022	17
2021-22	നം.കെ.എസ്.എ.പി.എ.എ.പി-12/261/2023, തീയതി 30/03/2023	23
2022-23	നം.കെ.എസ്.എ.പി.എ.എ.പി-12/684/2023, തീയതി 06-10-2023	15, 1-1(1) – 1-1(7), 1-6, 1-9, 1-10, 1-11, 1-12, 1-13, 1-15, 1-17, 1-22, 1-24, 1-25, 1-27, 1-29, 1-30
2023-24	നം.കെ.എസ്.എ.പി.റ്റി.എ.പി6/854/2024, തീയതി 05-09-2024	6, 1-13, 1-16, 1-17, 1-24, 1-25

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 5(1) dated 29-05-2025 and submitted on 10-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the RANNI Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of RANNI Block Panchayat as on 31-03-2025

Date: 26/07/2025

Senior Deputy Director

Kerala State Audit Department

Audit Report appended to the Audit Certificate of RANNI Block Panchayat for the Year 2024-2025.

1.Major Observations

1. The Bank Account opened in South Indian bank for Health Grant is not included in AFS

2 The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

2.Other Observations

1. All the mandatory financial statements prescribed in the accounting rules are not included in the AFS.

2. Cash Flow Statement-Net increase in cash flow does not match with the difference between opening balance and closing balance of cash and cash equivalents.

3. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

4. Expenditure accounted in wrong Payment Head. Purchase of fogging Machine for CHC Vechuchira (Rs 224999)and Medical Equipmenf For Ranni Taluk Hospital (Rs 848946) are wrongly included in the head Capital Work in Progress.

5. Schedule B-3- The accuracy of the amount used for asset creation using specific grant account cannot be be asertaintained due to non maintaintence of supporting vouchers.
6. Contractors retension amount as per Deposit register doesnot match with schedule RP-34 of AFS.
7. Previous years deposit details are not included in the Deposit Register. So the accuracy of Lapsed Deposits in schedule B-7 cannot be verified.
8. Amount Deposited in KSEB for the project 81/24-25 is not included in schedule B_18 Advance to implementing agencies.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ റാന്നി ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്